©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
ചൊവ്വ
Thiruvananthapuram,
Tuesday

2025 സെപ്റ്റംബർ 16
16th September 2025
1201 ചിങ്ങം 31
31st Chingam 1201
1947 ഭാദ്രം 25
25th Bhadra 1947

നമ്പർ
No.
3298

കേരള സർക്കാർ

പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പ്

വിജ്ഞാപനം

സ.ഉ. (അച്ചടി) നമ്പർ 13/2025/പൊ.ഭ.വ. *തിരുവനന്തപുരം, 2025 സെപ്റ്റംബർ 3.*

എസ്. ആർ. ഒ. നമ്പർ 1052/2025

2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്ടിലെ (2014 -ലെ 5) 20-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് 2020 ഒക്ടോബർ 21-ാം തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 14/2020/പൊ.ഭ.വ. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും 2020 നവംബർ 3-ാം തീയതിയിലെ 2607-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 771/2020 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2020-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചട്ടങ്ങൾ കേരള സർക്കാർ താഴെപ്പറയും പ്രകാരം ഇതിനാൽ ഭേദഗതി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ചെയ്യുന്നു, അതായത്:-

1. ചുരുക്കപ്പേരും പ്രാരംഭവും.- (1) ഈ ചട്ടങ്ങൾക്ക് 2025-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ(ഭേദഗതി) ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങളുടെ ഭേദഗതി.- 2020-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചട്ടങ്ങളിൽ,-

(1) 1-ാം ചട്ടത്തിലെ (2)-ാം ഉപചട്ടത്തിൽ, "മെയ്" എന്ന വാക്കിനു പകരം "മേയ്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(2) 2-ാം ചട്ടത്തിലെ (1)-ാം ഉപചട്ടത്തിൽ,-

(i) "നിർവചനങ്ങൾ" എന്ന മാർജിനൽ ശീർഷകത്തിന് പകരം "നിർവ്വചനങ്ങൾ" എന്ന മാർജിനൽ ശീർഷകം ചേർക്കേണ്ടതാണ്;

(ii) (1)-ാം ഉപചട്ടം, ഖണ്ഡം (ബി)-യിൽ "സമുദായ സർട്ടിഫിക്കറ്റ്" എന്ന വാക്കുകൾക്ക് പകരം "ന്യൂനപക്ഷ സമുദായ സർട്ടിഫിക്കറ്റ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) ഖണ്ഡം (സി) -യിലെ "ഫോറം" എന്ന വാക്കിനു പകരം "ഫാറം" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(3) നിലവിലെ 4-ാം ചട്ടത്തിനു പകരം താഴെപ്പറയുന്ന ചട്ടം ചേർക്കേണ്ടതാണ്, അതായത്:-

"4.ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ശമ്പളവും ബത്തകളും മറ്റു സേവന നിബന്ധനകളും ഉപാധികളും.-(1) കമ്മീഷന്റെ ചെയർപേഴ്സന് സർക്കാർ ചീഫ് സെക്രട്ടറിക്കുതുല്യമായ സ്ഥാനവും ശമ്പളവും മറ്റ് അംഗങ്ങൾക്ക് സർക്കാർ പ്രിൻസിപ്പൽ സെക്രട്ടറിക്കുതുല്യമായ സ്ഥാനവും ശമ്പളവും ചെയർപേഴ്സനും അംഗങ്ങൾക്കും സർക്കാരിൽ തുല്യമായ ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥരുടെ നിരക്കിൽ ബത്തകളും ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്:

എന്നാൽ, ചെയർപേഴ്സനോ അംഗങ്ങളോ സർക്കാർ സേവനത്തിൽനിന്ന് വിരമിച്ചവരാണെങ്കിൽ, അപ്രകാരം ലഭിക്കുന്ന പെൻഷൻ തുക അവർക്കു നിർദ്ദേശിച്ചിട്ടുള്ള ശമ്പളത്തിൽനിന്ന് കുറവ് ചെയ്യേണ്ടതാണ്.

(2) കമ്മീഷന്റെ ചെയർപേഴ്സനോ അംഗമോ ആയി നിയമിക്കപ്പെടുന്ന വ്യക്തി ആ ദിവസം ഇന്ത്യാ ഗവൺമെന്റ് സർവ്വീസിലോ ഏതെങ്കിലും സംസ്ഥാന ഗവൺമെന്റ് സർവ്വീസിലോ ഉണ്ടായിരുന്നുവെങ്കിൽ അന്നേദിവസം ബന്ധപ്പെട്ട സർവ്വീസിൽനിന്ന് വിരമിച്ചതായി കണക്കാക്കുന്നതാണ്.

(3) കമ്മീഷന്റെ ചെയർപേഴ്സനും അംഗങ്ങൾക്കും അവധി, അവധിക്കാല ശമ്പളം, ചികിത്സാബത്ത, യാത്രാബത്ത, മറ്റു ബത്തകൾ എന്നിവ ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ സർക്കാർ ജീവനക്കാർക്ക് ബാധകമായ രീതിയിലായിരിക്കും. ചെയർപേഴ്സൻ/അംഗങ്ങൾ പെൻഷനർമാരാണെങ്കിൽ അവധി എടുക്കുന്നതിനും അവധിക്കാലശമ്പളം ലഭിക്കുന്നതിനുമുള്ള അവകാശം കാലാകാലങ്ങളിൽ ഭേദഗതി വരുത്തുന്ന

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കെ.എസ്.ആർ.–ന്റെ ഭാഗം I അനുബന്ധം VIII–ലെ വ്യവസ്ഥകൾ പ്രകാരം ആയിരിക്കും.".

(4) നിലവിലെ ചട്ടം 5–ന് പകരം താഴെപ്പറയുന്ന ചട്ടം ചേർക്കേണ്ടതാണ്, അതായത്:–

"5. ഔദ്യോഗിക കാലാവധി.– ചെയർപേഴ്സനും അംഗങ്ങൾക്കും അവരുടെ സ്ഥാനങ്ങളിൽനിന്ന് നിക്കം ചെയ്യപ്പെടാത്തപക്ഷം ഔദ്യോഗിക ചുമതലയേൽക്കുന്ന തീയതി മുതൽ മൂന്ന് വർഷം പൂർത്തിയാകുന്നതുവരെ തൽസ്ഥാനത്ത് തുടരാവുന്നതാണ്.".

(5) 5–ാം ചട്ടത്തിന് ശേഷം താഴെപ്പറയുന്ന ചട്ടം ചേർക്കേണ്ടതാണ്, അതായത്:–

''5 എ. കമ്മീഷന്റെ യോഗം– കമ്മീഷൻ യോഗം ചേരുമ്പോൾ ചെയർപേഴ്സൻ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതും അദ്ദേഹത്തിന്റെ അഭാവത്തിൽ യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ഒരു അംഗം യോഗത്തിന്റെ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതുമാണ്.".

(6) 6–ാം ചട്ടത്തിലെ,–

(I) (1)–ാം ഉപചട്ടത്തിന് പകരം താഴെപ്പറയുന്ന ഉപചട്ടം ചേർക്കേണ്ടതാണ്, അതായത്:–

''6. കമ്മീഷനിലെ ഉദ്യോഗസ്ഥരുടെയും മറ്റ് ജീവനക്കാരുടെയും ശമ്പളവും ബത്തകളും മറ്റ് സേവന വ്യവസ്ഥകളും.– (1) കമ്മീഷനിലെ ജീവനക്കാരുടെ തസ്തികയും തസ്തികകളുടെ എണ്ണവും നിയമന രീതിയും ഈ ചട്ടങ്ങളിലെ പട്ടികയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമോ സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ വിജ്ഞാപനം ചെയ്തേയ്ക്കാവുന്ന പ്രകാരമോ ആയിരിക്കുന്നതാണ്.

(ii) (2)–ാം ഉപചട്ടത്തിൽ "ലഭിക്കുന്ന" എന്ന വാക്കിനു ശേഷം "ശമ്പളത്തിനും" എന്ന വാക്ക് ചേർ ക്കേണ്ടതാണ്.

(7) നിലവിലെ ചട്ടം 8(1) നു പകരം താഴെപ്പറയുന്ന ചട്ടം ചേർക്കേണ്ടതാണ്, അതായത്:–

''8. ന്യൂനപക്ഷ സമുദായ സർട്ടിഫിക്കറ്റിനുള്ള അപേക്ഷയും അതിന്റെ രജിസ്ട്രേഷനും.– (1) ന്യൂനപക്ഷ സുമുദായത്തിൽപ്പെട്ട ഏതൊരു വ്യക്തിക്കും ന്യൂനപക്ഷസുദായ സർട്ടിഫക്കറ്റ് ലഭിക്കുന്നതിന്, സംസ്ഥാനത്തെ ആവശ്യത്തിന് വില്ലേജ് ഓഫീസർക്കും സംസ്ഥാനത്തിന് പുറത്തുള്ള ആവശ്യത്തിന് തഹസിൽദാർക്കും ഫാറം നമ്പർ 1–ൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപ്രകാരം അപേക്ഷ ലഭിക്കുന്നപക്ഷം, അപേക്ഷകന്റെ പേരും മേൽവിലാസവും അപേക്ഷ സമർപ്പിച്ച തീയതിയും ഹാജരാക്കിയ രേഖകളും ഉൾപ്പെടുത്തിക്കൊണ്ട് അപേക്ഷകന് ഫാറം നമ്പർ 1 എ പ്രകാരമുള്ള കൈപ്പറ്റുരസീത് നൽകേണ്ടതാണ്.".

(8) 9–ാം ചട്ടത്തിൽ,–

(I) മാർജിനൽ ശീർഷകത്തിൽ "സമുദായ സർട്ടിഫിക്കറ്റ്" എന്ന വാക്കുകൾക്ക് പകരം "ന്യൂനപക്ഷ സമുദായ സർട്ടിഫിക്കറ്റ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) 1–ാം ഉപചട്ടത്തിൽ "ഫോറം" എന്ന വാക്കിനു പകരം "ഫാറം" എന്ന വാക്ക് ചേർക്കേണ്ടതാണ്;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(iii) (2)–ാം ഉപചട്ടത്തിൽ "അപേക്ഷകനെ അപ്രകാരം അറിയിക്കേണ്ടതുമാണ്" എന്ന വാക്കുകൾക്കു പകരം "രേഖാമൂലം അപേക്ഷകനെ അപ്രകാരം അറിയിക്കേണ്ടതുമാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iv) (2)–ാം ഉപചട്ടത്തിനു ശേഷം താഴെപറയുന്ന ഉപചട്ടം ചേർക്കേണ്ടതാണ്, അതായത്:–

''(3) ഫാറം നമ്പർ iii പ്രകാരമുള്ള അപേക്ഷ ബന്ധപ്പെട്ട അധികാരി നിരസിക്കുന്നപക്ഷം, അപ്രകാരം നിരസിക്കപ്പെട്ട അപേക്ഷയിൻമേൽ, സംസ്ഥാനത്തെ ആവശ്യത്തിനാണെങ്കിൽ തഹസിൽദാർ മുമ്പാകെയും സംസ്ഥാനത്തിന് പുറത്തുള്ള ആവശ്യത്തിനാണെങ്കിൽ റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെയും ഫാറം iii (എ)–ൽ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.".

(9) 10–ാം ചട്ടത്തിന്റെ (1)–ാം ഉപചട്ടത്തിന്റെ രണ്ടാം വരിയിലെ "ചെയർപേഴ്സണ്" എന്ന വാക്കിനു പകരം "ചെയർപേഴ്സന്" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(10) നിലവിലുള്ള ചട്ടം 11–നു പകരം താഴെപ്പറയുന്ന ചട്ടം ചേർക്കേണ്ടതാണ്, അതായത്:–

''11. കണക്കുകളുടെ വാർഷിക സ്റ്റേറ്റ്മെന്റ്.– ആക്ടിന്റെ 16–ാം വകുപ്പിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള ആഡിറ്റ് ചെയ്ത കണക്കുകളുടെ വാർഷിക സ്റ്റേറ്റ്മെന്റ് ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് ആറ് മാസത്തിനകം ഫാറം നമ്പർ IV –ൽ കമ്മീഷൻ തയ്യാറാക്കേണ്ടതാണ്.".

(11) 12–ാം ചട്ടത്തിൽ,–

(I) "നിയമത്തിന്റെ" എന്ന വാക്കിനു പകരം "ആക്ടിന്റെ" എന്ന വാക്ക് ചേർക്കേണ്ടതാണ്:

(ii) "സർക്കാരിലേക്ക് അയയ്ക്കേണ്ടതുമാണ്" എന്ന വാക്കുകൾക്ക് പകരം "സർക്കാരിലേയ്ക്ക് നേരിട്ട് അയക്കേണ്ടതുമാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(12) നിലവിലെ "പട്ടിക I" ന് പകരം താഴെപ്പറയുന്ന "പട്ടിക" ചേർക്കേണ്ടതാണ്, അതായത്:-

പട്ടിക

(ചട്ടം 6 -ലെ ഉപചട്ടം (I) കാണുക)

2020-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചട്ടങ്ങൾ

കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷനിലെ തസ്തികകളും നിയമന രീതിയും

ക്രമ നം.	തസ്തിക	തസ്തികകളുടെ എണ്ണം	നിയമനരീതി
1	മെമ്പർ സെക്രട്ടറി	1	ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ അഡീഷണൽ സെക്രട്ടറി തസ്തികയിൽ നിന്ന് ഡെപ്യൂട്ടേഷൻ മുഖേന
2	രജിസ്ട്രാർ	1	ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിലെ ജോയിന്റ് സെക്രട്ടറി തസ്തികയിൽ നിന്ന് ഡെപ്യൂട്ടേഷൻ മുഖേന
3	ഫീനാൻസ് ഓഫീസർ	1	ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ധനകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറി തസ്തികയിൽ നിന്ന് ഡെപ്യൂട്ടേഷൻ മുഖേന
4	സെക്ഷൻ ഓഫീസർ	1	ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിലെ സെക്ഷൻ ഓഫീസർ തസ്തികയിൽ നിന്ന് ഡെപ്യൂട്ടേഷൻ മുഖേന
5	അസിസ്റ്റന്റ്	2	ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിലെ അസിസ്റ്റന്റ് തസ്തികയിൽ നിന്ന് ഡെപ്യൂട്ടേഷൻ മുഖേന
6	ചെയർപേഴ്സന്റെ പേഴ്സണൽ അസിസ്റ്റന്റ്	1	പേഴ്സണൽ അസിസ്റ്റന്റ് തസിതികയിൽ നിന്ന് ഡെപ്യൂട്ടേഷൻ മുഖേന
7	ജൂനിയർ അസിസ്റ്റന്റ്/ലോവർ ഡിവിഷൻ ക്ലർക്ക്	2	ഏതെങ്കിലും സബോർഡിനേറ്റ് സർവ്വീസിലെ ജൂനിയർ അസിസ്റ്റന്റ്/ലോവർ ഡിവിഷൻ ക്ലർക്ക് തസ്തികയിൽ നിന്ന് ഡെപ്യൂട്ടേഷൻ മുഖേന
8	ഓഫീസ് അറ്റൻഡന്റ് കം ഡ്രൈവർ	2	ഏതെങ്കിലും സബോർഡിനേറ്റ് സർവ്വീസിലെ അറ്റൻഡന്റ്/ഡ്രൈവർ തസ്തികയിൽ നിന്ന് ഡെപ്യൂട്ടേഷൻ മുഖേന
9	പാർട്ട് ടൈം സ്വീപ്പർ	1	1975 ലെ കേരള പാർട്ട് ടൈം കണ്ടിജന്റ് സർവ്വീസ് റൂൾസിൽ പ്രതിപാദിച്ചിരിക്കുന്ന രീതിയിൽ
	ആകെ	12	

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(13) നിലവിലെ ഫാറം നമ്പർ I ന് പകരം താഴെപ്പറയുന്ന ഫാറം ചേർക്കേണ്ടതാണ്, അതായത്:-

ഫാറം നം. I

2020-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചട്ടങ്ങൾ

ന്യൂനപക്ഷസമുദായ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ

1.അപേക്ഷകന്റെ / അപേക്ഷകയുടെ പേര് :

2.ഇപ്പോഴത്തെ മേൽവിലാസം (പിൻകോഡ് ഉൾപ്പെടെ) :

3.പ്രായവും ജനനതീയതിയും :

4.പിതാവിന്റെ പേരും മതവും ജാതിയും :

5.സ്ഥിരമായ മേൽവിലാസം (പിൻകോഡ് ഉൾപ്പെടെ) :

6.ലിഗം :

7.തൊഴിൽ (അപേക്ഷകൻ സർക്കാർ: ഉദ്യോഗസ്ഥനാണെങ്കിൽ ഉദ്യോഗപ്പേര്)

8.വിദ്യാഭ്യാസ യോഗ്യതകൾ :

9.മാതാവിന്റെ പേരും മതവും ജാതിയും :

10.വിവാഹിത/വിവാഹിതനാണെങ്കിൽ ഭർത്താവിന്റെ: /ഭാര്യയുടെ പേരും ടിയാന്റെ /ടിയാളുടെ മതവും ജാതിയും

11.അവകാശവാദം മിശ്രവിവാഹത്തിന്റെ: അടിസ്ഥാനത്തിലാണോ അല്ലയോ എന്ന്

12.മറ്റൊരു മതത്തിൽ നിന്ന് മതപരിവർത്തനം ചെയ്യപ്പെട്ട: ആളാണെങ്കിൽ ഏത് മതത്തിൽ നിന്ന്, ഏത് ഉപവിഭാഗത്തിൽ നിന്ന്, മതപരിവർത്തനത്തിന്റെ തീയതി

13.മറ്റൊരു സംസ്ഥാനത്തിൽനിന്ന് കുടിയേറിയ: ആളാണെങ്കിൽ ഏത് സംസ്ഥാനത്തിൽ നിന്ന്, കുടിയേറിയ വർഷം

14.(എ) അപേക്ഷ മറ്റേതെങ്കിലും വ്യക്തിയ്ക്ക് വേണ്ടിയാണോ ? :

(ബി) ആണെങ്കിൽ, ആ വ്യക്തിയുമായുള്ള ബന്ധം? :

(സി) ടി വ്യക്തിയുടെ പേരും, മേൽവിലാസവും, പ്രായവും :

15.സാക്ഷ്യപത്രം ഏതാവശ്യത്തിനു വേണ്ടിയെന്ന് :

16.അപേക്ഷകന്റെ മതം :

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

17.അപേക്ഷകന്റെ ജാതിയും ഉപജാതിയും :

18.അപേക്ഷകൻ / ഗ്രണഭോക്താവ് ഉൾപ്പെടുന്ന ന്യൂനപക്ഷ: സമുദായത്തിന്റെ പേര്

അപേക്ഷകന്റെ/അപേക്ഷകയുടെ ഒപ്പ്

സ്ഥലം :

തീയതി :

പ്രസ്താവന

..... ജില്ലയിൽ

.....താലൂക്കിൽ

.....താമസിക്കുന്ന.....മകൻ/

മകൾ .....എന്ന ഞാൻ മുകളിൽ കൊടുത്തിരിക്കുന്ന വിവരം എന്റെ അറിവിലും ഉത്തമ വിശ്വാസത്തിലുംപെട്ടിടത്തോളം ശരിയാണെന്ന് ഇതിനാൽ പ്രസ്താവിച്ചുകൊള്ളുന്നു.

അപേക്ഷകന്റെ/അപേക്ഷകയുടെ ഒപ്പ്

സ്ഥലം :

തീയതി

ഓഫീസ് ഉപയോഗത്തിന്

അപേക്ഷ അനുവദിച്ചു/നിരസിച്ചു:

അധികാരിയുടെ ഒപ്പും പേരും ഉദ്യോഗപ്പേരും

സ്ഥലം:

തീയതി:

(ഓഫീസ് സീൽ)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കുറിപ്പ്.-

ഹാജരാക്കേണ്ട രേഖകൾ :

1. സെക്കണ്ടറി സ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റ്

2. റേഷൻ കാർഡ്

3. സമുദായം തെളിയിക്കുന്നതിന് ആവശ്യമായ രേഖകൾ

(ii) ഫാറം നമ്പർ 1-ന് ശേഷം താഴെപ്പറയുന്ന ഫാറം ചേർക്കേണ്ടതാണ്, അതായത്:-

ഫാറം നം. I എ

2020-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചട്ടങ്ങൾ

(ചട്ടം 8-ലെ ഉപചട്ടം(1) കാണുക)

നം.....

ഓഫീസ്:

തീയതി.....

കൈപ്പറ്റുരസീത്

(2020-ലെ കേരള സംസ്ഥാന ന്യൂനപക്ഷകമ്മീഷൻ ചട്ടങ്ങളിലെ ചട്ടം 8-ലെ ഉപചട്ടം (1) പ്രകാരം നൽകുന്നത്)

അപേക്ഷകന്റെ/ അപേക്ഷകയുടെ പേര് :

അപേക്ഷകന്റെ മേൽവിലാസം :

അപേക്ഷ സമർപ്പിച്ച തീയതി :

ഹാജരാക്കിയ രേഖകൾ :

(i)

(ii)

(iii)

അധികാരിയുടെ ഒപ്പും പേരും ഉദ്യോഗപ്പേരും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സ്ഥലം :

തീയതി :

(ഓഫീസ് സീൽ)

(iii) നിലവിലെ ഫാറം നമ്പർ ii-ന് പകരം താഴെപ്പറയുന്ന ഫാറം ചേർക്കേണ്ടതാണ്, അതായത്:-

ഫാറം നം.II

2020-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചട്ടങ്ങൾ

ന്യൂനപക്ഷ സമുദായ സർട്ടിഫിക്കറ്റിനുള്ള അപേക്ഷാവിവരം രേഖപ്പെടുത്തുന്നതിനുള്ള രജിസ്റ്റർ

(ചട്ടം 8 -ലെ ഉപചട്ടം (2) കാണുക)

1.അപേക്ഷകന്റെ/അപേക്ഷകയുടെ പേര് :

2.സ്ഥിരമായ മേൽ വിലാസം :

3.ഇപ്പോഴത്തെ മേൽ വിലാസം :

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

4.പ്രായവും ജനനതീയതിയും :

5.ലിംഗം :

6.തൊഴിൽ (അപേക്ഷകൻ സർക്കാർ: ഉദ്യോഗസ്ഥനാണെങ്കിൽ ഉദ്യോഗപ്പേര്)

7.വിദ്യാഭ്യാസ യോഗ്യതകൾ :

8.അവകാശപ്പെട്ട മതവും ജാതിയും :

9.അവകാശപ്പെട്ട ജാതി പട്ടികജാതിയിലോ: പട്ടികവർഗ്ഗത്തിലോ വരുന്നതാണോ എന്ന്

10.പിതാവിന്റെ പേരും മതവും ജാതിയും :

11.മാതാവിന്റെ പേരും മതവും ജാതിയും :

12.വിവാഹിത/വിവാഹിതനാണെങ്കിൽ ഭർ: ത്താവിന്റെ/ഭാര്യയുടെ പേരും ടിയാന്റെ/ടിയാളുടെ മതവും ജാതിയും

13.അവകാശവാദം മിശ്രവിവാഹത്തിന്റെ: അടിസ്ഥാനത്തിലാണോ അല്ലയോ എന്ന്

14.മറ്റൊരു മതത്തിൽനിന്ന് മതപരിവർത്തനം: ചെയ്യപ്പെട്ട ആളാണെങ്കിൽ ഏത് മതത്തിൽ നിന്ന്, ഏത് ഉപവിഭാഗത്തിൽ നിന്ന്, മതപരിവർത്തനത്തിന്റ തീയതി

15.മറ്റൊരു സംസ്ഥാനത്തിൽ നിന്ന് കുടിയേറിയ: ആളാണെങ്കിൽ ഏത് സംസ്ഥാനത്തിൽ നിന്ന്, കുടിയേറിയ വർഷം

16.(എ) അപേക്ഷ മറ്റേതെങ്കിലും വ്യക്തിയ്ക്ക്: വേണ്ടിയാണോ

(ബി) ആണെങ്കിൽ, ആ വ്യക്തിയുമായുള്ള: ബന്ധം, ടി വ്യക്തിയുടെ പേരും വിലാസവും പ്രായവും

17.അപേക്ഷ അനുവദിച്ച / നിരസിച്ച തീയതി :

അധികാരിയുടെ ഒപ്പും പേരും ഉദ്യോഗപ്പേരും

സ്ഥലം :

തീയതി :

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(iv) നിലവിലെ ഫാറം നമ്പർ III-ന് പകരം താഴെപ്പറയുന്ന ഫാറം ചേർക്കേണ്ടതാണ്, അതായത്:-

ഫാറം നം.III

2020-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചട്ടങ്ങൾ

(ചട്ടം 9 -ലെ ഉപചട്ടം (1) കാണുക)

നം.……..……..

……ഓഫീസ്

തീയതി:……/……/……

ന്യൂനപക്ഷ സമുദായ സർട്ടിഫിക്കറ്റ്

(2020-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം നൽകുന്നത്)

കേരള സംസ്ഥാനത്തിലെ ……ജില്ലയിലെ ……താലൂക്കിലെ ……വില്ലേജിലെ ശ്രീ./ശ്രീമതി.……ന്റെ ഭാര്യ/മകൻ/മകൾ/ആയി ശ്രീ/ശ്രീമതി/കുമാരി.……1992 -ലെ ദേശീയ ന്യൂനപക്ഷ കമ്മീഷൻ ആക്ട്, (1992-ലെ 19-ാം നമ്പർ സെൻട്രൽ ആക്ട്) പ്രകാരം കേന്ദ്ര ഗവൺമെന്റ് വിജ്ഞാപനം ചെയ്തിട്ടുള്ള ……ന്യൂനപക്ഷ സമുദായത്തിൽ ഉൾപ്പെട്ട ആളാണെന്ന് സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

ഈ സാക്ഷ്യപത്രം നൽകുന്നത്.……

……ആവശ്യത്തിലേക്കാണ്.

അധികാരിയുടെ ഒപ്പും പേരും ഉദ്യോഗപ്പേരും

(ഓഫീസ് സീൽ)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(v) ഫാറം നമ്പർ III –ന് ശേഷം താഴെപ്പറയുന്ന ഫാറം ചേർക്കേണ്ടതാണ്, അതായത്:–

ഫാറം നം.III എ

2020–ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചട്ടങ്ങൾ

(ചട്ടം 9 –ലെ ഉപചട്ടം (3) കാണുക)

അപ്പീലപേക്ഷ

അപേക്ഷകന്റെ/അപേക്ഷകയുടെ പേര് :

1.

2.വിലാസം :

3.പ്രായം :

4.പിതാവിന്റെ പേര് :

5.സ്ഥിരതാമസ സ്ഥലം :

6.(a) അപേക്ഷ മറ്റേതെങ്കിലും വ്യക്തിയ്ക്ക് വേണ്ടിയാണോ? :

(b) ആണെങ്കിൽ ആ വ്യക്തിയുമായുള്ള ബന്ധം :

(c) വ്യക്തിയുടെ പേരും, വിലാസവും, പ്രായവും :

7.സാക്ഷ്യപത്രം ഏതാവശ്യത്തിന് വേണ്ടിയെന്ന് :

8.അപേക്ഷകന്റെ മതം :

9.അപേക്ഷകന്റെ ജാതിയും ഉപജാതിയും :

10.അപേക്ഷകൻ/ഗ്രണഭോക്താവ് ഉൾപ്പെടുന്ന ന്യൂനപക്ഷ: സമുദായത്തിന്റെ പേര്

11.അപേക്ഷ നിരസിച്ച തീയതിയും കാരണവും :

അപേക്ഷകന്റെ/അപേക്ഷകയുടെ ഒപ്പ്

സ്ഥലം:

തീയതി:

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(vi) നിലവിലെ ഫാറം iv ന പകരം താഴെപ്പറയുന്ന ഫാറം ചേർക്കേണ്ടതാണ്, അതായത്:-

ഫാറം നം.IV

2020-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചട്ടങ്ങൾ

(ചട്ടം 11 കാണുക)

കണക്കുകളുടെ വാർഷിക സ്റ്റേറ്റ്മെന്റ്

1.വർഷം :

2.അക്കൗണ്ട് ശീർഷകം :

3.നടപ്പു വർഷത്തെ ബജറ്റ് എസ്റ്റിമേറ്റ് :

4.നടപ്പു വർഷത്തെ ഗ്രാന്റായി ലഭിച്ച ആകെ തുക :

5.ചെലവ് :

6.ശമ്പളവും ബത്തകളും :

7.യാത്രാ ബത്ത / ദിന ബത്ത :

8.മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് :

9.വാടക, വൈദ്യുതി, വെള്ളം :

10.ഇന്ധനച്ചെലവ് :

11.സ്റ്റേഷനറി/ഫർണിച്ചർ വാങ്ങിയതിനുള്ള ചെലവ് :

12.ഇതര ഓഫീസുചെലവുകൾ :

13.ആകെ :

14.കമ്മീഷന്റെ കൈവശം നീക്കിയിരുപ്പ്/കമ്മി എന്നിവ: ഉണ്ടെങ്കിൽ

മെമ്പർ സെക്രട്ടറി

സ്ഥലം:

തീയതി:

(ഓഫീസ് സീൽ)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(vii) നിലവിലെ ഫാറം V-ന പകരം താഴെപ്പറയുന്ന ഫാറം ചേർക്കേണ്ടതാണ്, അതായത്:-

ഫാറം നം.V

2020-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചട്ടങ്ങൾ

(ചട്ടം 12 കാണുക)

20.....-20.....സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക റിപ്പോർട്ട്

1.ആമുഖം :

2.കമ്മീഷന്റെ രൂപീകരണം :

3.കമ്മീഷനിലെ ഓഫീസർമാരും ജീവനക്കാരും: (പേര്, തസ്തിക,എണ്ണം,ശമ്പള സ്കെയിൽ)

4.കമ്മീഷന്റെ വരവും ചെലവും(ഇനം തിരിച്ച്) :

5.കമ്മീഷന്റെ വാർഷികക്കണക്കുകൾ :

6.കമ്മീഷനുമുമ്പാകെ ഫയൽചെയ്ത പരാതികൾ :

7.കമ്മീഷന്റെ തീരുമാനങ്ങൾ :

8.കോടതികളിലോ ട്രൈബ്യൂണലുകളിലോ: കമ്മീഷനോ/കമ്മീഷനെതിരെയോ ഫയൽ ചെയ്ത കേസുകൾ

9.മറ്റ് പ്രസക്ത വിവരം :

മെമ്പർ സെക്രട്ടറി

സ്ഥലം:

തീയതി:

(ഓഫീസ് സീൽ)

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
മിൻഹാജ് ആലം ഐ.എ.എസ്
ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതുഉദ്ദേശ്യം വ്യക്തമാക്കുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ്.)

2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്ടിലെ (2014-ലെ 5) 20-ാം വകുപ്പ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, കേരള സർക്കാർ, 2020 ഒക്ടോബർ 21-ാം തീയതിയിലെ സ.ഉ.(അ)നമ്പർ 14/2020/പൊ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും 2020 നവംബർ മാസം 3-ാം തീയതിയിലെ 2607-ാം നമ്പർ അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 771/2020 ആയി പ്രസിദ്ധപ്പെടുത്തിയതുമായ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചട്ടങ്ങൾ സൂക്ഷ്മ പരിശോധന നടത്തിയ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2021-23) -യുടെ ഇരുപത്തിയൊന്നാമത് റിപ്പോർട്ട് പ്രകാരം പ്രസ്തുത ചട്ടങ്ങളിൽ ചില ഭേദഗതികൾ നിർദ്ദേശിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ചട്ടങ്ങൾ ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.09.16 07:22:12 +05:30